(ബി) എങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) ഏതെല്ലാം സ്ഥലങ്ങളിൽ നിന്നാണ് ഇപ്രകാരം വെള്ളം ചോർത്തുന്നതെന്ന് കണ്ടെത്തിയിട്ടുണ്ടോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) കേരളത്തിൽ നിന്നും തമിഴ്നാട് അനധികൃതമായി വെള്ളം ചോർത്തിക്കൊണ്ടുപോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ മൂലത്തറ റെഗുലേറ്ററിനും മണക്കടവ് വിയറിനും ഇടയ്ക്ക് 5 കി.മീ. ദൈർഘ്യം വരുന്ന പ്രദേശത്തുനിന്നും തമിഴ്നാട് കർഷകർ നടത്തുന്ന അനധികൃത പമ്പിംഗ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അനധികൃതമായി മണക്കടവിനും മൂലത്തറ റെഗുലേറ്ററിനും ഇടയ്ക്ക് സ്ഥാപിച്ചിട്ടുള്ള പമ്പുസെറ്റുകൾ നീക്കം ചെയ്യുന്നതിന് തമിഴ്നാട് സർക്കാരിനോട് കേരള സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. 4-1-2004-ൽ തിരുവനന്തപുരത്തു വച്ചു നടന്ന അന്തർ സംസ്ഥാന മന്ത്രിതല ചർച്ചയിൽ അനധികൃതമായി സ്ഥാപിച്ചിട്ടുള്ള പമ്പുസെറ്റുകൾ നീക്കം ചെയ്യുമെന്ന് തമിഴ്നാട് ഉറപ്പു നൽകിയിട്ടുണ്ട്. പമ്പുസെറ്റുകൾ നീക്കം ചെയ്തു കൊണ്ടിരിക്കയാണ് എന്ന് തമിഴ്നാട് അറിയിച്ചിട്ടുണ്ട്.

(സി) മണക്കടവ് വിയറിനും മൂലത്തറ റെഗുലേറ്ററിനും ഇടയ്ക്കുള്ള 5 കി.മീ. പ്രദേശത്തുനിന്നും അനധികൃത പമ്പിംഗ് തമിഴ്നാട്ടിലെ ചില കർഷകർ നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ട്.

മത്സ്യത്തൊഴിലാളികൾക്ക് പ്രത്യേക പാക്കേജ്

*16 [196] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടിണി, തൊഴിലില്ലായ്മ, പകർച്ചവ്യാധികൾ എന്നിവ മൂലമുള്ള ദുരിതങ്ങളാൽ കഷ്ടപ്പെടുന്ന തീരദേശവാസികളായ മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസം നൽകുന്നതിനായി ഒരു സ്പെഷ്യൽ പാക്കേജ് പ്രഖ്യാപിക്കാൻ സർക്കാർ തയ്യാറാകുമോ?

ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്):

പ്രഖ്യാപിക്കുന്നതാണ്.

കിണർ കുഴിക്കുന്നതിന് നിയന്ത്രണം

*17 [197] ശ്രീ. എ. സി. ഷൺമുഖദാസ്:
„ കെ. പി. മോഹനൻ:
„ സി. കെ. നാണു:
ഡോ. എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിണർ കുഴിക്കുന്നതിന് ഉടമസ്ഥൻ പ്രത്യേക അനുവാദം വാങ്ങണമെന്ന വ്യവസ്ഥ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഈ വ്യവസ്ഥകൾ അടങ്ങുന്ന ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) പുതുതായി കിണർ കുഴിക്കുന്നതിന് പ്രദേശികമായി ഇപ്പോൾ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ പൊതു ആവശ്യത്തിനുവേണ്ടി വെള്ളം പമ്പ് ചെയ്യുന്ന ഏതെങ്കിലും കുടിവെള്ള സ്രോതസ്സിൽ നിന്നും 30 മീറ്റർ ദൂരത്തിനുള്ളിൽ കിണർ കുഴിക്കുവാൻ ഭൂജല അതോറിറ്റിയുടെ പെർമിറ്റ് ആവശ്യമാണ്. എന്നാൽ ഗാർഹിക ആവശ്യത്തിനുള്ള സാധാരണ തുറന്ന കിണറിന് പെർമിറ്റ് ആവശ്യമില്ല. അതുപോലെ സർക്കാരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ നടപ്പാക്കുന്ന ഏതെങ്കിലും കുടിവെള്ള പദ്ധതികൾക്കുവേണ്ടി കിണർ കുഴിക്കുന്നതിനും ഇത് ബാധകമായിരിക്കുന്നതല്ല.

(ബി) ലഭ്യമാണ്. അനുബന്ധമായി വച്ചിരിക്കുന്നു.†

ടൂറിസം വ്യവസായത്തിൽ സ്വകാര്യ പങ്കാളിത്തം

*18 [198] ശ്രീ. കെ. മുഹമ്മദാലി:
" പ്രയാർ ഗോപാലകൃഷ്ണൻ:
" ജോർജ് ജെ. മാത്യു:
" ഇ. എം. അഗസ്തി:
" വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം ഒരു വ്യവസായമായി അംഗീകരിക്കുകയോ പ്രഖ്യാപിക്കുകയോ ചെയ്തിട്ടുണ്ടോ;

(ബി) ടൂറിസം വികസനത്തിന് സ്വകാര്യ മേഖലയ്ക്ക് എന്തെല്ലാം പ്രോൽസാഹനങ്ങളാണ് കേന്ദ്ര ഗവൺമെന്റ് നൽകിവരുന്നത്;

(സി) ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് എന്തെല്ലാം ആനുകൂല്യങ്ങൽ നൽകുന്നു;

(ഡി) ടൂറിസം വികസനത്തിനുവേണ്ടി മുതൽ മുടക്കുന്നവർക്ക് സബ്സിഡി നൽകുകയോ ലക്ഷ്വറി ടാക്സിൽ ഇളവോ കിഴിവോ അനുവദിക്കുകയോ ചെയ്യുന്നുണ്ടോ എന്നു വെളിപ്പെടുത്തുമോ?

വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ):

(എ) ഉണ്ട്.

(ബി) ഹോട്ടലുകൾക്ക് വായ്പകളുടെ പലിശയിന്മേൽ 3 ശതമാനം മുതൽ 5 ശതമാനം വരെ സബ്സിഡി. മൊത്തം വായ്പാ തുകയുടെ 10 ശതമാനം മൂലധന ഗ്രാന്റ്, ഹോട്ടലുകൾ, ട്രാവൽ ഏജന്റുമാർ, ടൂർ ഓപ്പറേറ്റർമാർ എന്നിവർക്ക് വരുമാന നികുതിയിൽ 40 ശതമാനം വരെ ഇളവ്. മലമ്പ്രദേശങ്ങൾ, ഗ്രാമീണ മേഖലകൾ, തീർത്ഥാടക കേന്ദ്രങ്ങൾ എന്നിവടങ്ങളിൽ സ്ഥിതി ചെയ്യുന്ന ഹോട്ടലുകൾക്ക് 50 ശതമാനം വരെ വരുമാന നികുതിയിൽ ഇളവ്. 3000 രൂപയിൽ താഴെ മുറി വാടകയുള്ള ഹോട്ടലുകൾക്ക് എക്സ്പെന്റിച്ചർ ടാക്സിൽ ഇളവ്, വിദേശ നാണയ വിനിമയ ചട്ടങ്ങൾക്ക് ഇളവ്, കസ്റ്റംസ് ഡ്യൂട്ടിയിൽ ഇളവുകൾ എന്നിവയാണ് കേന്ദ്ര സർക്കാർ സ്വകാര്യ മേഖലയ്ക്ക് നൽകി വരുന്ന പ്രധാന പ്രോൽസാഹനങ്ങൾ.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly